# അന്തരംഗത്തിലെ ജ്ഞാനം

## ലൂക്കോസ് 15:28

**"അപ്പോൾ അവൻ കോപിച്ചു, അകത്തു കടപ്പാൻ മനസ്സില്ലാതെ നിന്നു."**

ലൂക്കോസിന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ മൂന്ന് ഉപമകൾ യേശുകർത്താവ് പറയുന്നതായി കാണാം. കാണാതായി കണ്ടെത്തിയ മൂന്നു കാര്യങ്ങൾ. ഇതിൽ മൂന്നാമതായി നാം കാണുന്ന ഉപമയിലെ ഒരു വേദഭാഗമാണ് ഇപ്പോൾ വായിച്ചത്. ഏവർക്കും സുപരിചിതമായ സംഭവം. ഒരു അപ്പന്റെ രണ്ടുപുത്രന്മാരിൽ ഇളയവൻ വീടുവിട്ടു യാത്രയായി. അപ്പന്റെ വസ്തുവിൽ നിന്നുള്ള പങ്ക് എല്ലാം കൈക്കൊണ്ട് കടന്നുപോയവന് ഒരു ദിവസം സുബോധം ഉണ്ടാകുന്നു. തിരികെ അപ്പന്റെ അടുത്തേക്ക് കടന്നുവരുന്ന മകനെ ഇരുകൈയ്യും നീട്ടി പിതാവ് സ്വീകരിക്കുന്നു. തിരിച്ചുവരവിന് ഒരു പ്രത്യേകതയും ഉണ്ടായിരുന്നു. യഥാർത്ഥമായ അനുതാപവും മാനസാന്തരവും അവനുണ്ടായി. "അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തിരിക്കുന്നു" എന്ന പൂർണ്ണമായ ഏറ്റുപറച്ചിലായിരുന്നു ഇളയവന്റെ മഹത്തരമായ പ്രവൃത്തിയിൽ വെളിപ്പെടുന്നത്.

മാനുഷികമായ ചിന്താഗതിയിലും, പരിമിതിയിലും നിന്നുകൊണ്ട് വിശകലനം ചെയ്താൽ തീർച്ചയായും ഇളയമകന് ഇനി അപ്പന്റെ യാതൊന്നിലും പങ്കില്ല. എന്നാൽ അവനെ സന്തോഷത്തോടെ കൈക്കൊണ്ട് വിരുന്നൊരുക്കുന്ന ഒരു അപ്പനെ നമുക്ക് കാണാം. അതുകണ്ട് കോപപരവശനാകുന്ന മൂത്ത മകന്റെ പ്രതികരണമാണ് കുറിവാക്യമായി നാം കണ്ടത്. തീർച്ചയായും അവൻ പറയുന്നതിൽ തെറ്റില്ല എന്ന് മാനുഷിക ബുദ്ധിയിൽ നമുക്ക് അനുമാനിക്കാം.

എന്നാൽ തന്റെ സഹോദരൻ അപ്പനെ വിട്ട് പോയപ്പോൾ മുതൽ വേദനിക്കുന്ന ഒരു ഹൃദയം അവന്റെ അപ്പനുണ്ടായിരുന്നു. ഏതെങ്കിലും ഒരു ദിവസം അവൻ തിരികെ വരുമെന്ന വലിയ പ്രത്യാശയും അപ്പനുണ്ടായിരുന്നു. തിരികെയെത്തിയ മകനെ കാണുമ്പോൾ അപ്പനുണ്ടാകുന്ന സന്തോഷത്തിന്റെ ആധിക്യം മൂത്തവനായിരുന്നു യഥാർത്ഥമായി മനസ്സിലാക്കേണ്ടിയിരുന്നത്. അവൻ വയലിൽ നിന്നു വരുമ്പോഴാണ് ഭവനത്തിലെ സന്തോഷവാർത്ത അറിയുവാൻ ഇടയാകുന്നത്. നാളിതുവരെയും തന്റെ അപ്പന്റെ കൂടെനിന്ന് സഹായിക്കുകയും, കൈത്താങ്ങാകുകയും ഒക്കെ ചെയ്തെങ്കിലും പിതാവിന്റെ ഹൃദയം അവന് മനസ്സിലാക്കാനോ, അറിയാനോ സാധിച്ചില്ല. അവന്റെ കാഴ്ചപ്പാട് വിദൂരതയിലായിരുന്നു.

ചുങ്കക്കാരും പാപികളും യേശുകർത്താവിന്റെ വചനം കേൾക്കാൻ അവന്റെ അടുക്കൽ വന്നു. മാത്രമല്ല, പാപികളെ യേശു കൈക്കൊണ്ട് അവരോടുകൂടി ഭക്ഷണം കഴിക്കുന്നു എന്ന ആരോപണവും, ശാസ്ത്രിമാരും പരീശന്മാരും ഉന്നയിക്കുന്നു. ലൂക്കോസ് 15:1–൧൦ വാക്യത്തിൽ നമുക്ക് ഇത് കാണാം. അപ്പോൾ യേശു പറയുന്ന ഉപമകളാണ് ഇവ. ചുങ്കക്കാരേയും പാപികളേയും വിധിക്കുന്ന, പരീശന്മാരും ശാസ്ത്രിമാരും തങ്ങൾ ദൈവത്തിന്റെ സ്വന്തമാണെന്നും മറ്റാർക്കും അതിന് യോഗ്യത ഇല്ലെന്നും നടിച്ച് നടന്നിരുന്ന കൂട്ടത്തിന്, ചുങ്കക്കാരന്റെയോ പാപിയുടെയോ ഹൃദയത്തിലെ ദൈവത്തിനായുള്ള വാഞ്ച കാണാൻ കഴിഞ്ഞില്ല, എന്നാൽ അത് തമ്പുരാൻ കണ്ടു.

ഹൃദയത്തിലെ സത്യം മാത്രം അന്വേഷിക്കുന്ന ഒരു ദൈവമാണ് നമ്മുടെ കർത്താവ്. ലോകം കാൺകെ എന്തൊക്കെ നല്ലതു ചെയ്തു, ശുശ്രൂഷിച്ചു, പ്രവർത്തിച്ചു എന്ന് നാം അനുമാനിച്ചാലും സർവ്വവും നശിപ്പിച്ചാലും മടങ്ങിവരുന്നവനെ എതിരേൽക്കുന്ന ദൈവത്തിന്റെ ഹൃദയം, എത്ര ആഴത്തിലും പരിജ്ഞാനത്തിലും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മൂത്തപുത്രൻ എല്ലാവരുടേയും കാഴ്ചപ്പാടിൽ നല്ലവനായിരുന്നു. അപ്പന്റെ കൂടെ നിന്നവൻ, അപ്പനെ വിട്ടുപോകാത്തവൻ. എന്നാൽ അവന്റെ ഹൃദയം അപ്പനിൽ നിന്ന് വളരെ അകലെ ആയിരുന്നല്ലോ. അതുകൊണ്ടാകുന്നു തന്റെ ഭവനത്തിലെ സന്തോഷത്തിൽ പങ്കുകൊള്ളാൻ മനസ്സില്ലാതെ, കോപപരവശനായി അവൻ വീടിന്റെ പുറത്തു നിൽക്കുന്നത്.

പ്രസ്തുത വചനം അനേകതവണ നാം വായിച്ചവരാകുന്നു. ഒരിക്കൽ കൂടി വചനത്തിലൂടെ നമ്മുടെ ഹൃദയങ്ങളെ ഒന്നു കടത്തിവിടാം. ഹൃദയംകൊണ്ട് പൂർണ്ണമായി അപ്പനോട് പറ്റിനിൽക്കാൻ കൃപതരണമേ എന്ന് പ്രാർത്ഥിക്കാം. മൂത്തപുത്രന്റെ അവസ്ഥപോലെ അല്ല, യഥാർത്ഥമായ മാനസാന്തരത്തോടും, അനുതാപത്തോടുംകൂടി കർത്താവിന്റെ ഹൃദയത്തോട് പറ്റിച്ചേർന്ന് ജീവിക്കാം. അന്തരംഗത്തിലെ സത്യം ഇച്ഛിക്കുന്ന തമ്പുരാനോട് നമുക്ക് പ്രാർത്ഥിക്കാം. "അന്തരംഗത്തിലെ ജ്ഞാനം ഗ്രഹിപ്പിക്കണമേ." ദൈവം കൃപ ചെയ്യുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനം 51:6

അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നതു; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 129